116 (2494) മുക്കം സബ് രജിസ്ട്രാർ ആഫീസിലെ ഹെഡ് ക്ളാർക്ക് തസ്തിക

ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മുക്കം സബ് രജിസ്ട്രാർ ആഫീസിൽ ഹെഡ്ക്ലാർക്ക് തസ്തിക നിലവിലുണ്ടോ;

(ബി) പ്രസ്തുത തസ്തിക തിരുവനന്തപുരം ഐ.ജി. ഓഫീസിലേയ്ക്ക് മാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എത്രകാലമായി ഈ തസ്തിക മാറ്റിയിട്ട് എന്നറിയിക്കുമോ;

(ഡി) തസ്തിക മാറ്റിയതുമായി ബന്ധപ്പെട്ട് ജോലിഭാരം വർദ്ധിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എത്രയും പെട്ടെന്ന് മുക്കം സബ് രജിസ്ട്രാർ ഓഫീസിലെ ഹെഡ് ക്ളാർക്ക് തസ്തികയിൽ ആളെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ ഓഫീസിലെ ജോലിഭാരം കണക്കിലെടുത്ത് ജോലിഭാരം താരതമ്യേന കുറഞ്ഞ മുക്കം സബ് രജിസ്ട്രാർ ഓഫീസിലെ ഹെഡ് ക്ളാർക്ക് തസ്തിക ഭരണപരമായ സൗകര്യം മുൻനിർത്തി രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ ഓഫീസിലേക്ക് മാറ്റിയിരുന്നു. എന്നാൽ മുക്കം സബ് രജിസ്ട്രാർ ഓഫീസിലെ ഇപ്പോഴത്തെ സ്ഥിതി കണക്കിലെടുത്ത് ഹെഡ് ക്ളാർക്കിന്റെ തസ്തിക പുനഃസ്ഥാപിച്ചിട്ടുണ്ട്.

(സി) മൂന്നുവർഷം കഴിഞ്ഞു.

(ഡി) ഉണ്ട്.

(ഇ) മുക്കം സബ് രജിസ്ട്രാർ ഓഫീസിൽ ഹെഡ് ക്ളാർക്കിനെ നിയമിച്ചിട്ടുണ്ട്.

117 (2495) പാറശ്ശാല റോഡ്സ് സെക്ഷൻ റോഡ് റോളർ

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല റോഡ് സെക്ഷന്റെ കീഴിൽ താല്ക്കാലികമായി ഒരു റോഡ് റോളർ അനുവദിച്ചിട്ടുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ധാരാളം പണികൾ ചെയ്തു തീർക്കുവാൻ ബാക്കിയുള്ളതുകൊണ്ട് ഇപ്പോൾ അനുവദിച്ചിട്ടുള്ള റോഡ് റോളർ പാറശ്ശാല റോഡ് സെക്ഷൻ സ്ഥിരമായി അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജില്ലാ പഞ്ചായത്തിൽ നിന്നും താൽക്കാലികാവശ്യത്തിനായി ഒരു റോഡ് റോളർ 6 മാസത്തേക്ക് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത റോളർ പാറശ്ശാല സെക്ഷനിൽ നിലനിറുത്തുന്നതിന് ബന്ധപ്പെട്ട പഞ്ചായത്ത് അധികൃതരുമായി ധാരണയിലെത്തേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly